# വചനവിചിന്തനം ഫെബ്രുവരി 28 ഞായർ, 2010

## മത്താ. 20 : 20–28

### സെബദി പുത്രന്മാരുടെ അഭ്യർത്ഥന

1. തിരുവചനം ഇന്ന് നമുക്കു മുമ്പിൽ അവതരിപ്പിക്കുന്നത് ഒരു സാധാരണ അമ്മയുടെ ചിത്രമാണ്. ഏതൊരു അമ്മയും മക്കളെക്കുറിച്ച് കരുതൽ ഉള്ളവളാണ്. കരുതൽ അവരുടെ ഭാവി ഭദ്രമാക്കാൻ പ്രേരിപ്പിക്കുന്നു. ഈ പ്രേരണയുടെ തികവിൽ യാക്കോബിന്റെയും യോഹന്നാന്റെയും അമ്മ മക്കൾക്കുവേണ്ടിയുള്ള ശുപാർശയുമായി യേശുവിന്റെ പക്കൽ എത്തുന്നു. അവരുടെ ആവശ്യം പ്രാധാന്യമുള്ളതാണ്, തന്റെ മക്കൾ യേശുവിന്റെ രാജ്യത്തിൽ ഇടത്തും വലത്തും ഇരിക്കണം, അവന്റെ രാജ്യം പ്രതാപത്തിന്റെയും ശക്തിയുടെയുമാണെന്ന് ആ അമ്മ കരുതി. അങ്ങനെ പുകൾപെറ്റ സാമ്രാജ്യത്തിന്റെ ഇടത്തും വലത്തും ഇരിക്കുന്നവർ സാമ്രാട്ടിന് ഏറ്റവും സ്വീകാര്യരും വിശ്വസ്തരുമാണ്. അങ്ങനെ മക്കളുടെ ഭാവി സുരക്ഷിതമാകണമെന്ന് സെബദിപുത്രൻമാരുടെ അമ്മ ആഗ്രഹിച്ചു. അത് സ്വാഭാവികമായ ആഗ്രഹമാണ്.

2. സ്ഥാനമാനങ്ങളുടെ ഉയരം അന്വേഷിക്കുമ്പോൾ യേശുനാഥന്റെ പ്രതികരണം ശ്രദ്ധേയമാണ്. ''നിങ്ങൾ ചോദിക്കുന്നതെന്താണെന്ന് നിങ്ങൾ അറിയുന്നില്ല.'' (20:22)പലപ്പോഴും യേശുവിനെ അനുഗമിക്കുമ്പോൾ ഈ അറിവില്ലായ്മ വലിയ പ്രശ്നമാണ്. അവന്റെ രാജ്യത്തേക്കുറിച്ച്, നീതിയെക്കുറിച്ച്, ധാരണകളില്ലാത്തവർ ധാരാളമുണ്ട്. അതുകൊണ്ട് ആവശ്യങ്ങളും ലക്ഷ്യങ്ങളും പലപ്പോഴും വ്യത്യസ്തങ്ങളാകുന്നു. യേശുവിന്റെ രാജ്യം സ്നേഹത്തിന്റേതാണെന്നും സേവനത്തിന്റെയും സമർപ്പണത്തിന്റെയും സാധ്യതകളെ അതിലുള്ളു എന്നും ഈ അമ്മ തിരിച്ചറിയുന്നില്ല. ഇന്നും ഈ അറിവില്ലായ്മകൾ ആവർത്തിക്കപ്പെടുന്നു.

3. യേശുനാഥന്റെ അടുത്ത ചോദ്യവും പ്രസക്തമാണ്. ''ഞാൻ കുടിക്കാൻ പോകുന്ന പാനപാത്രം കുടിക്കാൻ നിങ്ങൾക്ക് കഴിയുമോ.'' (22:13) ഇവിടെ പാനപാത്രം സഹനത്തിന്റെ പ്രതീകമാണ്. [ഗദ്സമനിയിൽ പ്രാർത്ഥിക്കുമ്പോൾ യേശു ഉപയോഗിക്കുന്നതും ഇതേ പ്രതീകമാണ്. '' കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്നും അകന്നു പോകട്ടെ.'' (26:29) ] വേദനകളുടെയും ദുരിതങ്ങളുടെയും പാനപാത്രത്തിൽ നിന്ന് അവസാന തുള്ളി വരെ കുടിച്ചു തീർക്കുമ്പോഴാണ് ജീവിതം ശുദ്ധീകരിക്കപ്പെടുന്നത്. കഷ്ടപ്പാടുകളും സഹനങ്ങളും കൊണ്ട് സ്ഫുടം ചെയ്തെടുത്ത ജീവിതത്തിനു മാത്രമേ പ്രതാപത്തിന്റെയും ശക്തിയുടെയും ചെങ്കോൽ ഏന്താൻ കഴിയു. ''നിമഗ്നമാക്കുകെൻ കണ്ണുനീരിലെന്റെ അഹന്തയെ'' എന്ന് ടാഗോർ ഗീതാഞ്ജലിയിൽ പറയുന്നതും ഇതേ കാരണം കൊണ്ടാണ്. അനുഭവങ്ങൾ പതം വരുത്തിയ ജീവിതങ്ങളാണ് ഉയരങ്ങളിലെത്തേണ്ടത്. അപ്പോഴും ജീവിതത്തിന്റെ യോഗ്യത നിശ്ചയിക്കേണ്ടത് ദൈവമാണ്. മനുഷ്യന്റെ യോഗ്യതകളും സാദ്ധ്യതകളും നിർണ്ണയിക്കുന്നതിനുള്ള അവകാശം ദൈവത്തിനുള്ളതാണ്. മാനുഷീകമാനദണ്ഢങ്ങൾ അവിടെ പ്രസക്തമാകണമെന്നില്ല. സമർപ്പണത്തിന്റെ അർത്ഥവും ഇതുതന്നെയാണ്.

4. മനുഷ്യൻ ആഗ്രഹങ്ങളാൽ നയിക്കപ്പെടുന്നവനാണ്. അനിയന്ത്രിതമായ ആഗ്രഹങ്ങളാണ് അവനെ ദുരിതങ്ങളിൽ എത്തിക്കുന്നത്, അതിരുകളില്ലാത്ത മോഹങ്ങൾ നമ്മളെ അസംതൃപ്തരാക്കുന്നു. യാക്കോബിനോടും യോഹന്നാനോടും മറ്റു ശിഷ്യന്മാർക്ക് അസൂയ

തോന്നുന്നതിന്റെ കാരണവും ഇതുതന്നെയാണ്. പൗലോസ് ശ്ലീഹാ ഇങ്ങനെ പഠിപ്പിക്കുന്നു ഇഛിക്കുന്ന നന്മയല്ല ഇഛിക്കാത്ത തിന്മയാണ് ഞാൻ പ്രവർത്തിക്കുന്നത്. ആഗ്രഹങ്ങളെ നിയന്ത്രിക്കാൻ കഴിയാത്തതിന്റെ പ്രശ്നമാണിത്. സ്വന്തം ഇഛാശക്തിയെ നിയന്ത്രിക്കുന്നവനാണ് പക്വതയുള്ളവൻ. നോമ്പുകാലത്തിന്റെ ചൈതന്യം മനസ്സിന്റേയും ശരീരത്തിന്റേയും ആസക്തികളെ നിയന്ത്രിക്കുക എന്നതാണ്. അങ്ങനെ ദൈവീകതയിലേയ്ക്കുയരുവാൻ നമുക്ക് കഴിയണം.

5. നേതൃത്വവും അധികാരവും എങ്ങനെ ഫലപ്രദമാകുന്നുവെന്ന് തിരുവചനം വ്യക്തമായി പഠിപ്പിക്കുന്നു. " നിങ്ങളിൽ വലിയവനാകാൻ.......ദാസനും ആകണം." (20 :27) അധികാരം സേവനത്തിനും ശുശ്രൂഷയ്ക്കും ഉള്ളതാണ്. മോചനദ്രവ്യമായി സ്വജീവൻ നൽകാൻ വന്ന യേശുവാണ് അധികാരികൾക്കും നേതാക്കൻമാർക്കും മാതൃക. മോചനദ്രവ്യം ഇവിടെ ഈശോയുടെ കുരിശുമരണത്തിന്റെ അർത്ഥം ധ്വനിപ്പിക്കുന്നു. യഹൂദർ അടിമയുടെ വിടുതലിനായി നല്കുന്ന ധനത്തിന് മോചനദ്രവ്യം എന്നു പറയും. എല്ലാവർക്കും വിലയുള്ളതായി കണ്ട ദൈവം തന്നെത്തന്നെ നല്കിയാണ് മനുഷ്യകുലത്തെ വീണ്ടെടുത്തത്. ലഭിച്ചിരിക്കുന്ന അധികാരവും പദവികളും ഇന്നും അടിമത്തം അനുഭവിക്കുന്ന അനേകരെ മോചിപ്പിക്കുവാനുള്ളതാണ്. വീണ്ടെടുപ്പിന്റെ കർമ്മ പദ്ധതികൾ രൂപപ്പെടുന്നത് ദൈവീക നിയോഗമായി അധികാരത്തെ കാണുമ്പോഴാണ്. എന്റെ യോഗ്യതകളല്ല മറിച്ച് ദൈവത്തിന്റെ തെരഞ്ഞെടുപ്പിന്റെ കാരുണ്യമാണ് എന്റെ പദവി എന്ന ബോദ്ധ്യം നേതൃത്വത്തെയും അധികാരത്തെയും ശുശ്രൂഷയായി മാറ്റാൻ നമ്മെ സഹായിക്കും. "ശിക്ഷിച്ചും, പീഢിപ്പിച്ചുമാണ് എല്ലാ അധികാര സ്ഥാപനങ്ങളും സ്വയം പ്രതിഷ്ഠിക്കുന്നത് " എന്ന് പ്രശസ്ത ചിന്തകനായ മിഷേൽ ഫ്യൂക്കോ പറയുമ്പോൾ സമകാലിക അധികാര കേന്ദ്രങ്ങളുടെ സ്വഭാവം വ്യക്തമാകുന്നു. കാഴ്ചകൾക്കു മുകളിൽ പ്രേരണയായി ഇപ്പോഴും കുരിശിൽ യേശുനാഥൻ ഉണ്ട്. സ്വയം ബലിയായി അധികാര വികേന്ദ്രീകരണം അതിന്റെ പൂർണ്ണതയിൽ നടത്തിയവൻ; നേതൃത്വത്തിന്റെ ഉദാത്തമായ മാതൃകയായവൻ. ഇനിയും അവനിൽ നിന്ന് നമുക്ക് പഠിക്കാം. നയിക്കാനും ഭരിക്കാനും കുരിശിലേറിയവൻ പ്രചോദനമാകണം.

6. ജീവിതത്തിൽ ഒട്ടേറെ പദവികൾ വഹിക്കുന്നവരാണ് നാം. നമ്മുടെ മനുഷ്യത്വം തന്നെ സമുന്നതമായ സ്ഥാനമാണ്. കുടുംബത്തിലും(പിതാവ്, മാതാവ്, സഹോദരൻ, സഹോദരി, മക്കൾ) സമൂഹത്തിലും നമ്മെ തേടി എത്തുന്ന പദവികൾ നിസ്തുലങ്ങളാണ്. ദൈവത്തിന്റെ നിയോഗം എന്നതുപോലെ നമുക്ക് അതിനെ പിൻചെല്ലാം. ജറീക്കോ പട്ടണത്തെ ചുവടുകളൊന്നും പിഴക്കാതെ ഏഴുവട്ടം വലംവച്ച ജോഷ്വായെപ്പോലെ ദൈവകല്പനകളെ അനുസരിക്കാൻ നമുക്ക് പരിശ്രമിക്കാം. പ്രളയത്തിന്റെ മഹാദുരന്തത്തെ അതിജീവിക്കാൻ മറിച്ചൊന്നും ചിന്തിക്കാതെ, ദൈവത്തിന്റെ നിർദ്ദേശങ്ങളിൽ നിന്ന് അണുവിട വ്യതിചലിക്കാതെ, പെട്ടകം നിർമ്മിച്ച നോഹയെപ്പോലെ നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ ആഗ്രഹവും,അധികാരവും നിറവേറട്ടെ. നമ്മിലൂടെ മറ്റുള്ളവരിലും അങ്ങനെ ദൈവഹിതം പുർണ്ണമാകും.

**ഫാ. ഫ്രാൻസീസ് കോലോത്ത്.**